പത്രക്കുറിപ്പ്

# യുവതി തീപൊള്ളലേറ്റ് മരിച്ച സംഭവം: ഭർത്താവ് അറസ്റ്റിൽ

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 186 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- വെഞ്ഞാറമൂട് ചിറത്തല വിളാകം അർച്ചന നിവാസിൽ അർച്ചനയുടെ മരണവുമായി ബന്ധപ്പെട്ട് ഭർത്താവ് വെഞ്ഞാറമൂട് കട്ടച്ചൽക്കുഴി ചരുവിള സുരേഷ് ഭവനിൽ സുരേഷ്കുമാറിനെ(26) തിരുവനന്തപുരം ജില്ലാ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഈ മാസം 21- ന് രാത്രിയാണ് അർച്ചന ശരീരത്തിൽ തീ പൊള്ളലേറ്റ് മരണപ്പെട്ടത്. തുടർന്ന് വിഴിഞ്ഞം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയായിരുന്നു. അർച്ചനയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന ബന്ധുക്കളുടെ ആരോപണത്തെ തുടർന്ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായയുടെ പ്രത്യേക ഉത്തരവ് പ്രകാരം കേസ് ജില്ലാ ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുകയും,



തുടർന്നു നടത്തിയ അന്വേഷണത്തിൽ ഗാർഹിക പീഡനം കൊണ്ടുണ്ടായ മനോവിഷമത്താലാണ് അർച്ചന മരണപ്പെട്ടതെന്ന് വെളിവായിട്ടുള്ളതാണ്.

തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി കമ്മീഷണർ (അഡ്മിൻ&ക്രൈം) പി.എ മുഹമ്മദ് ആരീഫിന്റെ നേതൃത്വത്തിൽ ജില്ലാ ക്രൈം ബ്രാഞ്ച് അസി. കമ്മീഷണർ ജോൺസൺ ചാൾസ് , സബ് - ഇൻസ്പെക്ടർമാരായ അനിൽകുമാർ, സന്തോഷ്കുമാർ, എ.എസ്.ഐ ശ്രീകുമാർ, എസ്.സി.പി.ഒ സുമേഷ്, സി.പി.ഒ മാരായ റിനു, ഷംല എന്നിവർ ഉൾപ്പെട്ട പ്രത്യേക സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന
## വിലക്ക് ലംഘനം: 186 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ഇന്നലെ (28-06-2021) നാലു മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 186 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 40 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 119 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 4 പേരിൽ നിന്നുമായി 61,500/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 15 വാഹനങ്ങൾക്കെതിരെയും, കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത 8

കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 79 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി

28-06-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി